# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3217 11.12.2014 ൽ മറുപടിക്ക്**

## ആലപ്പുഴ ജില്ലയിൽ പൊതു ശൗചാലയങ്ങളുടെയും പാലത്തിന്റെയും നിർമ്മാണം

### ചോദ്യം

**ശ്രീ ആർ രാജേഷ്**

എ) ആലപ്പുഴ ജില്ലയിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ശുപാർശയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആലപ്പുഴയിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കപ്പെട്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

### ഉത്തരം

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)**

എ) ആലപ്പുഴയിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് ശുപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത ശുപാർശ പ്രകാരം ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കപ്പെട്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ചേർത്തല പഴയ ദേശീയപാതയിൽ എക്സ് റേ ആശുപത്രിക്ക് വടക്ക് വശം റോഡിന് കിഴക്ക വശം.

2. മുട്ടം - ബസാർ - മിൽ ലാൻഡിംഗ് റോഡിൽ മനോരമ കവലയ്ക്ക് തെക്ക വശം റോഡിന് പടിഞ്ഞാറു വശം

3. ചേർത്തല അരുക്കുറ്റി റോഡിൽ തവണക്കടവ് ജംഗ്ഷനിൽ റോഡിന് കിഴക്കവശം

4. ചേർത്തല- അരുക്കുറ്റി റോഡിൽ ഐ എച്ച് ആർ ഡി എഞ്ചിനീയറിംഗ് കോളേജിനു മുൻവശം റോഡിന് കിഴക്കവശം.

5. ചേർത്തല- അരുക്കുറ്റി റോഡിൽ മാക്കേക്കടവ് ജംഗ്ഷനു വടക്കവശം, ജെ ഐ സി എ പ്ലാൻന്റിനു മുൻവശം റോഡിന് പടിഞ്ഞാറു വശം.

6. ചേർത്തല- അരുക്കുറ്റി റോഡിൽ പൂച്ചാക്കൽ കെ എസ് ഇ ബി ഓഫീസിനു മുൻവശം റോഡിനു കിഴക്കവശം.

7. ചേർത്തല -അരുക്കുറ്റി റോഡിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് ഓഫീസിനു മുൻവശം റോഡിന് കിഴക്ക വശം.

8. ആലപ്പുഴ മധുര റോഡിൽ കോമളപുരം പാലത്തിനു വടക്കുവശം റോഡിന് പടിഞ്ഞാറു വശം.
9. സി സി എസ് ബി റോഡിൽ മുപ്പാലത്തിന് പടിഞ്ഞാറുവശം റോഡിനു വടക്കുവശം
10. കളക്ടറേറ്റ് ജംഗ്ഷൻ - വലിയ കുളം റോഡിൽ റോഡിനു പടിഞ്ഞാറു വശം വാട്ടർ അതോറിറ്റി കോമ്പൗണ്ടിൽ
11. സ്കൂട്ടർ ഫാക്ടറി റോഡിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന് മുൻവശം റോഡിന് പടിഞ്ഞാറു വശം
12. അമ്പലപ്പുഴ തിരുവല്ല റോഡിൽ കരുമാടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനു സമീപം റോഡിനു തെക്കു വശം
13. ഹരിപ്പാട് - വീയപുരം റോഡിൽ ടൗൺ ഹാൾ ജംഗ്ഷന് വടക്കുവശം റോഡിന് കിഴക്കുവശം
14. ഹരിപ്പാട് - നാരകത്തറ റോഡിൽ സുബ്രഹ്മണ്യ സ്വാമി ടെമ്പിൾ റോഡ് ജംഗ്ഷന്റെ തെക്കു വശം റോഡിന് കിഴക്കു വശം
15. ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിൽ കിടങ്ങറ പാലത്തിന്റെ പടിഞ്ഞാറു വശം റോഡിന് വടക്കു വശം.
16. ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിൽ പള്ളാത്തുരുത്തി പാലത്തിന്റെ കിഴക്കേ അപ്രോച്ചിൽ റോഡിന് തെക്കു വശം
17. ആലപ്പുഴ തിരുവല്ല റോഡിൽ എടത്വാ പാലത്തിന്റെ താഴെ വടക്കേ കരയിൽ നാലാമത്തെ സ്പാനിൽ
18. കായംകുളം തിരുവല്ല റോഡിൽ പുളിമൂട്ടിൽ ജംഗ്ഷന് തെക്കു വശം റോഡിന് കിഴക്കു വശം.

കായംകുളം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ശൗചാലയം നിർമ്മിക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചിട്ടുണ്ട്. ദേശീയപാതയിൽ കോടംതുരുത്ത് പഞ്ചായത്ത് ഓഫീസിന് സമീപം ശൗചാലയം നിർമ്മിക്കുന്നതിനായി എം എൽ എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | മാവേലിക്കര തഴക്കര വഴുപടി പാലം അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ ; പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | മാവേലിക്കര തഴക്കര വഴുപടി പാലത്തിന്റെ നിർമ്മാണത്തിനായി 139 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി പുതിയ ആക്ട് അനുസരിച്ച് റൂൾസ് ഫ്രെയിം ചെയ്യേണ്ടതുണ്ട്. പ്രസ്തുത പദ്ധതിക്കായി 2130 ലക്ഷം രൂപയുടെ (ഭൂമി ഏറ്റെടുക്കുന്നതിന് 230ലക്ഷം രൂപ ഉൾപ്പെടെ) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ